

FRIDAY 12-08-2022 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S    Editor : Dr. Saritha Vijayan K.



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/08/2022.

1. 2022 ചിങ്ങം 1 (ആഗസ്റ്റ് 17) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കർഷകദിനമായി ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് കേരളത്തിലൊട്ടാകെ വാർഡുതലത്തിൽ പുതിയ കൃഷിയിടം കണ്ടെത്തി കൃഷി തുടങ്ങുന്നതും, വിളംബരജാഥകൾ സംഘടിപ്പിക്കുന്നതുമാണ്. കൂടാതെ, പഞ്ചായത്തു തലത്തിൽ പൊതുയോഗം സംഘടിപ്പിച്ച് മികച്ച ജൈവകർഷകർ, സ്ത്രീകർഷക, വിദ്യാർത്ഥി കർഷകൻ/കർഷക, മുതിർന്ന കർഷകൻ/കർഷക, എസ്.സി/എസ്.ടി കർഷകൻ/കർഷക തുടങ്ങിയവരെ ആദരിക്കുന്നതും സെമിനാറുകൾ സംഘടിപ്പിക്കുന്നതുമാണ്. തദവസരത്തിൽ സംസ്ഥാന തല സെൽഫി ഫോട്ടോ/വീഡിയോ മത്സരവും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ആസാദി കാ അമൃത് മഹോത്സവ്' എന്ന കേന്ദ്ര സർക്കാർ പദ്ധതിയുടെയും 'ഞങ്ങളും കൃഷിയിലേക്ക്' എന്ന സംസ്ഥാന സർക്കാർ പദ്ധതിയുടെയും ഭാഗമായി ഉത്തര മേഖല കാർഷിക ഗവേഷണ കേന്ദ്രവും പിലിക്കോട് ഗ്രാമ പഞ്ചായത്തും സംയുക്തമായി നടത്തുന്ന പദ്ധതിയാണ് '**ഔഷധ സമ്പുഷ്ട വീട്ടുമുറ്റം പദ്ധതി**'. മൂന്ന് ഘട്ടങ്ങളുള്ള ഈ ദീർഘകാല പദ്ധതിയുടെ ഒന്നാം ഘട്ടമായ – പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങളിൽ ഔഷധോദ്യാന നിർമ്മാണം ആഗസ്റ്റ് ഒന്നാം വാരം ഗവേഷണ കേന്ദ്രം പൂർത്തീകരിച്ചു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം നാളെ (13.08.2022) വൈകുന്നേരം 3.30 മണിക്ക് ഗവേഷണ കേന്ദ്രത്തിലെ ഔഷധ സസ്യ മാതൃ തോട്ടത്തിൽ വച്ച് പിലിക്കോട് പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിക്കും.

3. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്ലാവ്, മാവ്, റമ്പൂട്ടാൻ, സപ്പോട്ട എന്നിവയുടെ ബഡ് തൈകൾ, സീഡ്ലെസ് നാരകം, മാങ്കോസ്റ്റീൻ, കവുങ്ങ്, അകത്തി, പച്ചക്കറി ഇനങ്ങളായ വഴുതന, വെണ്ട, തക്കാളി, പയർ എന്നിവയുടെ തൈകൾ വിൽപനയ്ക്ക് തയ്യാറായിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ്, ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പത്തനംതിട്ട എന്ന മേൽവിലാസത്തിലോ **0469 2661821 (എക്സ്റ്റൻഷൻ 214), 8078572094** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

4. റബ്ബർബോർഡിലെ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിപ്പാർട്ടുമെന്റ് 'അനലിറ്റിക്കൽ ട്രെയിനി' ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർക്ക് സ്റ്റാറ്റിസ്റ്റിക്സ്, അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, മാത്തമറ്റിക്സ് എന്നിവയിൽ ഏതെങ്കിലും ബിരുദാനന്തരബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. കോട്ടയത്ത് റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിലെ നാല് ഒഴിവുകളിലേക്കാണ് നിയമനം. താൽപര്യമുള്ളവർ ഈ മാസം 24-ന് (ആഗസ്റ്റ് 24) രാവിലെ 10 മണിക്ക് കോട്ടയത്തുള്ള റബ്ബർബോർഡ് കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിപ്പാർട്ടുമെന്റ് ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്) മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുകയോ **0481 2301231** (എക്സ്റ്റൻഷൻ 357), **0481 2574903** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ *ccmannuthy@kau.in* എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക

**പരിശീലന പരിപാടികൾ**

7. വെള്ളനാട് മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രം കർഷക ദിനത്തോടനുബന്ധിച്ച് ഈ മാസം 17-ന് (ആഗസ്റ്റ് 17) **കൂൺ കൃഷി**യിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഈ മാസം 15-ന് നാല് മണിക്ക് മുമ്പായി **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാല സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് കർഷകർക്കായി **'കാർഷിക സംരംഭകത്വ സാധ്യതകൾ'** എന്ന വിഷയത്തിൽ ഓഗസ്റ്റ് 17-ന് കർഷക ഭവനം, വെള്ളാനിക്കരയിൽ വച്ച് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

9. കേരള കാർഷിക സർവകലാശാല സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് 'കൂൺകൃഷി " എന്ന വിഷയത്തിൽ ഈ മാസം 24,31 (ആഗസ്റ്റ് 24, 31) തീയതികളിൽ സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. ഇന്നു കൂടെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. https://forms.gle/FH8yBE2Pgo1MFvrQ8 എന്നതാണ് രജിസ്ട്രേഷൻ ലിങ്ക്.

10. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ **മാസം 19 മുതൽ 30** (ആഗസ്റ്റ് 10 മുതൽ 30) വരെയുള്ള തീയതികളിൽ **ക്ഷീരോത്പന്ന നിർമ്മാണ**ത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ, ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. താൽപര്യമുള്ളവർ ഈ മാസം 17-ന് (ആഗസ്റ്റ് 17) വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.